**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 909** | **09-10-2024 - ൽ മറുപടിയ്ക്ക്**

**നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സനീഷ്കുമാർ ജോസഫ്</td><td colspan="2">ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിലെ മനുഷ്യ–വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നബാർഡിൽ നിന്നും എത്ര രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;</td><td>(എ)</td><td>NABARD RIDF പദ്ധതിയിൽ 1344.69 ലക്ഷം രൂപയുടെ ഭരണാനുമതി, 05.10.2023 - ലെ G.O(Ms)23/2023/F&WLD ഉത്തരവു പ്രകാരം, നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഓരോ ഡിവിഷന് കീഴിലും എത്ര ദൂരമാണ് വേലി സ്ഥാപിക്കുന്നതെന്നും ഇതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ;</td><td>(ബി)</td><td>
<table>
<tr><th>ഡിവിഷൻ</th><th>സൗരോർജ്ജതൂക്കുവേലി<br>(ദൂരം കി.മീറ്ററിൽ)</th><th>അടങ്കൽ തുക<br>(ലക്ഷത്തിൽ)</th></tr>
<tr><td>ചാലക്കുടി</td><td>18</td><td>224.114</td></tr>
<tr><td>വാഴച്ചാൽ</td><td>60</td><td>747.06</td></tr>
<tr><td>മലയാറ്റൂർ</td><td>30</td><td>373.514</td></tr>
<tr><td>ആകെ</td><td>108</td><td>1344.688</td></tr>
</table>
</td></tr>
<tr><td>(സി)</td><td>പ്രസ്തുത ഡിവിഷനുകളിലെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;</td><td>(സി)</td><td>ചാലക്കുടി, മലയാറ്റൂർ ഡിവിഷനുകളിലെ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസിയായ Kerala Police Housing and Construction Corporation ടെണ്ടർ ചെയ്തിട്ടുണ്ട്. 09.10.2024 തീയതിയിലാണ് ടെണ്ടർ തുറക്കുന്നത്. വാഴച്ചാൽ ഡിവിഷനിലെ പ്രവൃത്തി 5 കോടിക്ക് മുകളിലായതിനാൽ 07/10/2024 തീയതിയിലെ ജി ഒ (ആർ റ്റി) നം 439/2024/വനം നമ്പർ ഉത്തരവ് പ്രകാരം സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത പ്രവൃത്തിയുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും പ്രവൃത്തി എന്നത്തേക്ക്</td><td>(ഡി)</td><td>108 കി.മീറ്റർ നീളത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.</td></tr>
</table>

| | | | |
|---|---|---|---|
| | പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ